(ബി) ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസിൽ ഇപ്പോൾ വിദേശമദ്യം കെട്ടിക്കിടപ്പില്ല.

(സി) നേരത്തേതന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്.

**16 (*136) കെൽട്രോൺ റെക്ടിഫയേഴ്സിന് നൽകിയ സഹായം**

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. കെ. ബാബു :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോൺ റെക്ടിഫയേഴ്സിന് ഈ ഗവൺമെന്റ് എന്ത് തുകയുടെ സഹായം നൽകിയിട്ടുണ്ട്;

(ബി) ഈ തുക എന്തിനെല്ലാം വിനിയോഗിച്ചു;

(സി) ഈ സ്ഥാപനം ഇപ്പോൾ അടച്ചുപൂട്ടൽ ഭീഷണിയെ നേരിട്ടു കൊണ്ടിരിക്കുകയാണോ;

(ഡി) ഈ സ്ഥാപനത്തെ രക്ഷിക്കുവാൻ ഗവൺമെന്റിന് എന്തെല്ലാം പരിപാടികളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കെൽട്രോൺ റെക്ടിഫയേഴ്സിന് ഈ ഗവൺമെന്റ് കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് ബോർഡു വഴി പ്രവർത്തനമൂലധന വായ്പയായി 10 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ബി) ഈ തുക കമ്പനിയുടെ താൽക്കാലിക പ്രവർത്തനത്തിനാണ് വിനിയോഗിച്ചത്.

(സി) കമ്പനി അടച്ചുപൂട്ടാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കാനും ജൂലൈ 23-നകം ബന്ധപ്പെട്ട തെളിവു സഹിതം സമർപ്പിക്കാനും 2000 ജൂൺ 11- ന് ബി.ഐ.എഫ്.ആർ. ഉത്തരവിട്ടിരിക്കുകയാണ്.

(ഡി) ഹ്രസ്വകാല പ്രവർത്തന മൂലധനമായി 10 ലക്ഷം രൂപയുടെ വായ്പ വ്യവസായ പുനരുദ്ധാരണ ഫണ്ടിൽനിന്നും ഇപ്പോൾ നൽകിയിട്ടുണ്ട്. കമ്പനിയുടെ പുനരുദ്ധാരണത്തിനുവേണ്ടി സർക്കാർ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ബി.ഐ.എഫ്.ആറിന്റെ അടുത്ത ഹിയറിംഗിൽ ഇത് അംഗീകരിക്കുന്നതിന് അപേക്ഷിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

**17 (*137) കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം**

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

ഇതിന്റെ ഫലമായി ആഭ്യന്തര ഉൽപ്പാദനം എത്ര വർദ്ധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാനത്ത് കശുവണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

1. കശുവണ്ടി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തരിശുഭൂമിയിൽ കശുമാവുകൃഷി നടത്തുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

2. ഉന്നത ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു കാഷ്യൂ ഡെവലപ്പ്മെന്റ് കൗൺസിൽ രൂപീകരിച്ചു.

3. പൊതുമേഖലാ സ്ഥാപനങ്ങളുടെ മിച്ചമുള്ള ഭൂമിയിൽ കശുമാവ് കൃഷി നടത്തുന്നതിന് കോർപ്പറേഷൻ നടപടി സ്വീകരിച്ചു തുടങ്ങി.

4. കശുമാവു കൃഷി ഭൂപരിധി നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നകാര്യം പരിഗണിക്കുവാൻ റവന്യൂ വകുപ്പിനോടഭ്യർത്ഥിച്ചിട്ടുണ്ട്.

5. അത്യുൽപ്പാദനശേഷിയുള്ള തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനായി രണ്ട് നഴ്സറികൾ കോർപ്പറേഷന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്.

6. ഫലമില്ലാത്ത പഴയ കശുമാവുകൾ വെട്ടിമാറ്റി പുതിയവ വച്ചു പിടിപ്പിക്കുന്ന പരിപാടി കൃഷിവകുപ്പ് നടപ്പാക്കിവരുന്നു.

7. നടപ്പുസാമ്പത്തികവർഷം കശുമാവ് കൃഷി വികസനത്തിനായി കശുവണ്ടി വികസന കോർപ്പറേഷന് 5 കോടി രൂപ നൽകുമെന്ന് ബജറ്റ് പ്രഖ്യാപനം ഉണ്ടായിരുന്നു. ഈ തുക ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പദ്ധതി ആരംഭ ഘട്ടത്തിലാണ്. ഉൽപ്പാദന വർദ്ധനവ് തിട്ടപ്പെടുത്താറായിട്ടില്ല.

**18 (*138) കശുവണ്ടി കുത്തക സംഭരണം**

ശ്രീ. ജോർജ്.ജെ. മാത്യു :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി കുത്തക സംഭരണം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(സി) കശുവണ്ടിയുടെ കുത്തക സംഭരണംമൂലം കാഷ്യൂ കോർപ്പറേഷനും കാപ്പെക്സും നടത്തുന്ന കശുവണ്ടി സംസ്കരണ യൂണിറ്റുകളിൽ കൂടു

LIBRARY ARCHIVES Kerala Legislative Assembly